പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 543

08.08.2017 - ൽ മറുപടിക്ക്.

**അനന്തപുരം വ്യവസായ പാർക്കിൽ വ്യവസായ ആവശ്യത്തിനായി സ്ഥലം**

ചോദ്യം
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) കാസർകോട് ജില്ലയിലെ അനന്തപുരം വ്യവസായ പാർക്കിൽ വ്യവസായ ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമുണ്ട്; | (എ) : | കാസർഗോഡ് ജില്ലയിലെ അനന്തപുരത്ത് 103 ഏക്കറിൽ വ്യവസായ വികസന പ്ലോട്ടും 108 ഏക്കറിൽ വ്യവസായ വികസന ഏരിയയും നിലവിലുണ്ട്. |
| (ബി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങളാണ് പ്രവർത്തിച്ചു വരുന്നത് എന്ന് അറിയിക്കുമോ ; | (ബി) : | അനന്തപുരം വ്യവസായ വികസന പ്ലോട്ടിൽ 51 യൂണിറ്റുകളും വ്യവസായ വികസന ഏരിയയിൽ 17 യൂണിറ്റുകളും പ്രവർത്തിക്കുന്നു. പ്ലാസ്റ്റിക്, പി.വി.സി. കയർ, റബ്ബർ, ഭക്ഷ്യം, തടി, ലഘു എഞ്ചിനിയറിങ് എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങളാണ് പ്രവർത്തിക്കുന്നത്. |
| (സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി അനുവദിച്ച ഭൂമിയിൽ ഇതുവരെ വ്യവസായം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (സി) : | അനന്തപുരത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ അനുവദിച്ച ഭൂമിയിൽ അടിസ്ഥാന-ഭൗതിക സൗകര്യങ്ങളുടെ അഭാവം കാരണം യൂണിറ്റുകൾ തുടങ്ങാൻ കാലതാമസം ഉണ്ടാകാറുണ്ട്. |
| (ഡി) പ്രസ്തുത വ്യവസായ പാർക്കിന്റെ അടിസ്ഥാന, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ ? | (ഡി) : | അനന്തപുരം വ്യവസായ വികസന പ്ലോട്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ആഭ്യന്തര റോഡ് നിർമാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 270 ലക്ഷം രൂപ അനുവദിച്ച് ഹാർബർ എഞ്ചിനിയറിങ് വകുപ്പിനെ നിർമാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തിയും അനന്തപുരം വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.